STD:4

## പരിസര പഠനം

## 2. ഇലയ്ക്കുമുണ്ട് പറയാൻ

26-8-2021

### പ്രവർത്തനം 1

**നിങ്ങൾ ഇലകൾ നിരീക്ഷിച്ചിട്ടുണ്ടോ?**
**എല്ലാ ഇലകളും ഒരുപോലെയാണോ ?**
**ഇലകൾ എന്തെല്ലാം കാര്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു? നോട്ട്ബുക്കിൽ എഴുതൂ.**

1. ..........................................
2. ..........................................
3. ഇലകളിലെ ഞരമ്പുകളുടെ(സിരകളുടെ) ക്രമീകരണത്തിൽ.

### പ്രവർത്തനം2

**ഇലകളുടെ രൂപമാതൃകകൾ നിർമ്മിക്കാം.**

**ആവശ്യമായ സാമഗ്രികൾ**

പേപ്പർ
ഇല
ക്രയോൺസ്

**ട്രേസ് ചെയ്യേണ്ട രീതി**

പേപ്പർ എടുക്കുക .
പേപ്പർ ഇലയുടെ മുകളിൽ വയ്ക്കുക.
ക്രയോൺ ഉപയോഗിച്ച്
സാവധാനം നിറം കൊടുക്കുക



പാഠപുസ്തകത്തിലെ പേജ് 23 ലെ കുത്തുകൾ യോജിപ്പിച്ചു ഇലകളുടെ ചിത്രം പൂർത്തിയാക്കുക .

## പ്രവർത്തനം3 ഇലകൾ കീറി നോക്കാം.

മാവില ,പ്ലാവില, തെങ്ങോല , പുല്ലിന്റെ ഇലകൾ എന്നിവ ശേഖരിച്ച് അഗ്രഭാഗത്ത് നിന്നും താഴോട്ട് നീളത്തിൽ കീറി നോക്കൂ.

എല്ലാ ഇലകളും പൊട്ടിപ്പോകാതെ നീളത്തിൽ കീറാൻ കഴിയുന്നുണ്ടോ?


കൂടുതൽ ഇലകൾ ശേഖരിച്ച് കീറി നോക്കി അവയെ പട്ടികപ്പെടുത്തുക.

| എളുപ്പത്തിൽ കീറാൻ കഴിയുന്ന ഇലകൾ. | എളുപ്പത്തിൽ കീറാൻ കഴിയാത്ത ഇലകൾ. |
| --- | --- |
| | |


## പ്രവർത്തനം4

## ഇലകളിലെ സിരാവിന്യാസം നിരീക്ഷിക്കൂ.









- ഇലകളിൽ വലക്കണ്ണികൾ പോലെ കാണപ്പെടുന്ന സിരാവിന്യാസമാണ് ................................
- ഇലകളിൽ സമാന്തരമായി സിരകൾ വിന്യസിച്ചിരിക്കുന്നതിനെ ........................... എന്നു പറയുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന ഇലകളുടെ ചിത്രങ്ങൾ നിരീക്ഷിക്കുക.
ജാലികാ സിരാവിന്യാസവും ,സമാന്തര സിരാവിന്യാസവും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

| ജാലികാ സിരാവിന്യാസം . | സമാന്തര സിരാവിന്യാസം |
|---|---|
| * ഇലയുടെ ഞെട്ടിന്റെ തുടർച്ചയായി ഒരു വലിയ സിര ഉണ്ട് .<br><br>* ................................................ ................................................<br><br>* അനേകം ചെറിയ ശാഖകൾ പരസ്പരം ബന്ധപ്പെട്ടു വലക്കണ്ണികൾ പോലെ കിടക്കുന്നു . | * ................................................ ....................................<br>* ഇല ഞെട്ടിൽ നിന്നും തുടങ്ങി സിരകൾ പരസ്പരം സമാന്തരമായി ഇലയുടെ അഗ്രഭാഗത്തെത്തി യോജിക്കുന്നു.<br><br>*................................................ ................................................ ................................................ |

**പ്രവർത്തനം5**

തെങ്ങ്, വാഴ ചെമ്പരത്തി ,കരിമ്പ്, തുളസി , പന, കവുങ്ങ് , പേര, പ്ലാവ് ,നെല്ല് ,മാവ് , മുള ഇവയുടെ ഇലകൾ നിരീക്ഷിച്ച് ജാലിക സിരാവിന്യാസം ,സമാന്തര സിരാവിന്യാസം എന്നിങ്ങനെ തരംതിരിച്ചു പട്ടികപ്പെടുത്തുക .

| ജാലികാ സിരാവിന്യാസം | സമാന്തര സിരാവിന്യാസം |
|---|---|
| | |

**പ്രവർത്തനം6.**

**പല ആകൃതിയിലുള്ള ഇലകൾ ശേഖരിച്ച് ഇലച്ചിത്രങ്ങളുടെ ആൽബം തയ്യാറാക്കുക.**







